നമ്പർ: ICPS-3/008585/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്(Annex)
SCPS,പൂജപ്പുര,തിരുവനന്തപുരം
തീയതി: 21.02.2017

## സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ICPS - Track Child Web Portal – ൽ വിവരങ്ങൾ രേഖപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന: Ministry of Women & Child Development (Govt of India) ൽ നിന്നുള്ള കത്ത് നമ്പർ 14-2/2007-CW-II തീയതി: 05.01.2017

ചൈൽഡ് കെയർ സ്ഥാപനങ്ങളിൽ താമസിയ്ക്കുന്ന കുട്ടികളുടേയും (Found Children) സംസ്ഥാനത്ത് നിന്നും കാണാതാകുന്ന കുട്ടികളുടേയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി NIC യുടെ സഹായത്തോടെ Ministry of Women & Child Development വികസിപ്പിച്ചെടുത്ത പോർട്ടലാണ് Track Child Web Portal.

സംസ്ഥാനത്ത് പ്രവർത്തിയ്ക്കുന്ന എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങളേയും (ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം, SAA, Open Shelter) CWC, JJB, DCPU എന്നിവയേയും Track Child Web Portal ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ജുവനൈൽ ജസ്റ്റീസ് ബോർഡുകൾ Track Child Web Portal ൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ലായെന്നും ഏഴ് ചൈൽഡ് വെൽഫയർ കമ്മിറ്റികൾ (കണ്ണൂർ, കാസർഗോഡ്, കൊല്ലം, തൃശ്ശൂർ, വയനാട്, പത്തനംതിട്ട, കോഴിക്കോട്) മാത്രമേ പോർട്ടലിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുള്ളുവെന്നും സൂചനപ്രകാരം കേന്ദ്ര വനിതാ വികസനമന്ത്രാലയത്തിൽ നിന്നും അറിയിച്ചിരിക്കുന്നു.

ടി സാഹചര്യത്തിൽ എല്ലാ CWC / JJB കളും 2017 മാർച്ച് 4 നു മുൻപായി Track Child Web Portal ൽ രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കെതിരെ കർശന നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

CWC / JJB കളിൽ കമ്പ്യൂട്ടർ ഇന്റർനെറ്റ് സൗകര്യം ഇല്ലായെങ്കിൽ ബന്ധപ്പെട്ട ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ സൗകര്യം ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്.

ബന്ധപ്പെട്ടവർ www.trackthemissingchild.gov.in എന്ന വെബ്സൈറ്റ് സന്ദർശിയ്ക്കേണ്ടതാണ്. 23.11.2015 ന് സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷൻ ഹാളിൽ വച്ച് CWC/JJB മെമ്പർമാർക്കും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുമായി സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ യൂസർ ഐഡി, പാസ്‌വേർഡ് രൂപീകരിച്ച് നൽകിയിരുന്നു. പ്രസ്തുത യൂസർ ഐഡിയും , പാസ്‌വേർഡും ഉപയോഗിച്ച് വെബ്സൈറ്റ് ഓപ്പൺ ചെയ്ത് CWC/JJB കളിൽ വരുന്ന കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ് .

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

- ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ
  (14 ജില്ലകളിലേയും)
- CWC/JJB മെമ്പർമാർ (14 ജില്ലകളിലേയും)
- CWC/JJB ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ
  (14 ജില്ലകളിലേയും)

<u>പകർപ്പ്</u>

സ്റ്റോക്ക് ഫയൽ